പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 109 — 20/01/2014 ൽ മറുപടിയ്ക്ക്

## റീസർവ്വേ അദാലത്തുകൾ വില്ലേജ്തലത്തിൽ നടത്തുന്നത്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേ അദാലത്തുകൾ വില്ലേജ്തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് റീസർവ്വേ അദാലത്തുകൾ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. റീസർവ്വേ സംബന്ധിച്ച പരാതികൾക്ക് തീർപ്പുകൽപ്പിക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | | |
| (സി) റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | റവന്യൂ /സർവ്വേ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നിലവിലുള്ള അപേക്ഷകൾ പരിശോധിച്ച് അദാലത്തിൽ വച്ചു തന്നെ തീരുമാനം കൈക്കൊള്ളുകയും ഫീൽഡ് പരിശോധനയും മറ്റ് നിയമപരമായ കാര്യങ്ങൾ പരിശോധിക്കേണ്ടതായുള്ള ഫയലുകളിൽ ആവശ്യമായ പരിശോധനകൾക്കു ശേഷം നടപടി സ്വീകരിക്കാനും തീരുമാനിച്ചിരുന്നു. |
| (ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | മുഖ്യമന്ത്രിയുടെ 2012 ലെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച സർവെ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരാതികളും തീർപ്പാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നടപടി സ്വീകരിക്കേണ്ട ഫയലുകൾ അതാതു വകുപ്പുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. 2013 വർഷത്തെ പരാതികളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ